ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ

348 (2223) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ചടയമംഗലം ഡിപ്പോയിൽനിന്ന് പമ്പയിലേക്ക് നിത്യേന സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശബരിമല മഹോത്സവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.-യുടെ പമ്പ ബസ് സ്റ്റേഷന്റെ പ്രവർത്തനം 14-11-2014-ൽ ആരംഭിക്കുകയുണ്ടായി. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് വർക്സ് മാനേജരെ പമ്പ ബസ് സ്റ്റേഷന്റെ സ്പെഷ്യൽ ഓഫീസറായും അദ്ദേഹത്തെ സഹായിക്കുവാൻ രണ്ട് ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. പുറമെ എഴുപത്തിഅഞ്ചോളം ജീവനക്കാരെയും പമ്പ ബസ് സ്റ്റേഷനിലേക്ക് നിയോഗിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര പുനലൂർ, പത്തനംതിട്ട, ചെങ്ങന്നൂർ, അടൂർ, കായംകുളം, കോട്ടയം, എറണാകുളം, എരുമേലി, കുമിളി എന്നീ യൂണിറ്റുകളെ പ്രത്യേക സർവ്വീസ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ച് ആദ്യഘട്ടത്തിൽ നൂറ്റി അൻപതോളം ബസ്സുകൾ പൂൾ ചെയ്ത് നൽകിയിട്ടുണ്ട്. നിലക്കൽ-പമ്പ ചെയിൻ സർവ്വീസിനായി 100 ബസ്സുകൾ പമ്പ ബസ് സ്റ്റേഷനിലും പൂൾ ചെയ്തിട്ടുണ്ട്. തിരക്കിനനുസരിച്ച് കൂടുതൽ ബസ്സുകൾ അനുവദിച്ച് വരുന്നുമുണ്ട്. തിരുവനന്തപുരം പഴവങ്ങാടി ഗണപതി ക്ഷേത്രം, കൊട്ടാരക്കര ഗണപതി ക്ഷേത്രം, ഓച്ചിറ പരബ്രഹ്മ ക്ഷേത്രം, ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം, കോട്ടയം, ചെങ്ങന്നൂർ, തിരുവല്ല, എറണാകുളം റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽനിന്നും പമ്പയിലേക്കും എരുമേലിയിലേക്കും പ്രത്യേക സർവ്വീസുകൾ നടത്തി വരുന്നുണ്ട്. നിലക്കൽ പ്ലാപ്പള്ളി, പെരിനാട് എന്നിവിടങ്ങളിൽ ബ്രേക്ക് ഡൗൺ ഉണ്ടായാൽ അറ്റൻഡ് ചെയ്യുന്നതിന് മെക്കാനിക്കൽ ജീവനക്കാരുടെ സംഘത്തെ വിന്യസിപ്പിച്ചിട്ടുമുണ്ട്. വിവിധ സംസ്ഥാനങ്ങളിൽനിന്നും വരുന്ന തീർത്ഥാടകർക്ക് മനസ്സിലാക്കുന്നതിനായി ബസ്സുകളുടെ ബോർഡുകളിൽ സ്ഥലനാമം മലയാളത്തിന് പുറമേ തമിഴ്, തെലുങ്ക്, കന്നഡ, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ റിസർവേഷൻ സൗകര്യമുള്ള എല്ലാ ഡിപ്പോകളിൽ നിന്നും പമ്പയിലേയ്ക്ക് റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ബാംഗ്ലൂരിൽ നിന്നും രണ്ട് സൂപ്പർ ഡീലക്സ്

LIBRARY ARCHIVES Kerala Legislative Assembly

ബസുകൾ ദിവസവും പമ്പയിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്. തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിലേക്ക് പമ്പയിൽനിന്നുമുള്ള സർവ്വീസുകൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും നടത്തുന്ന മറ്റ് പ്രത്യേക സർവ്വീസുകൾക്ക് പുറമെ ഒരു വോൾവോ ബസ് ഉപയോഗിച്ച് ദിവസവും ഒരു സർവ്വീസ് നടത്തിവരുന്നുമുണ്ട്. തീർത്ഥാടകരുടെ തിരക്കിനനുസരിച്ച് കൂടുതൽ ബസ്സുകൾ അനുവദിച്ച് ഈ വർഷത്തെ ശബരിമല മഹോൽസവ പ്രത്യേക സർവ്വീസ് കാര്യക്ഷമമായി നടത്തുവാൻ കെ.എസ്.ആർ.ടി.സി. എല്ലാ സജ്ജീകരണങ്ങളും ഇതിനകം നടത്തിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ചടയമംഗലം ഡിപ്പോയിൽനിന്നും 16-11-2014 മുതൽ രാത്രി 8.00 മണിക്ക് പമ്പയിലേക്ക് ഒരു സർവ്വീസ് ദിവസവും നടത്തിവരുന്നുണ്ട്.

തലസ്ഥാന നഗരിയിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ

349 (2224) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ സർവ്വീസ് നടത്തുന്ന സ്വകാര്യബസ്സുകളുടെ എണ്ണം എത്ര ;

(ബി) ഇതിൽ എത്ര എണ്ണത്തിന് തിരക്കേറിയ കിഴക്കേക്കോട്ട സ്റ്റാൻഡിൽ കയറി പോകുന്നതിന് അനുമതി നൽകിയിട്ടുണ്ട് ;

(സി) അനുമതി നൽകിയിട്ടില്ലെങ്കിലും നഗരത്തിലെ ഏറെക്കുറെ എല്ലാ സ്വകാര്യ ബസ്സുകളും ഇവിടെവന്ന് പോകുന്നത് തടയാൻ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഇല്ലെങ്കിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ഇവർക്കെതിരെ നടപടി നടത്താതിരിക്കുന്നതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 108.

(ബി) 106.

(സി) അനുമതിയുള്ള ബസ്സുകൾ മാത്രമേ കിഴക്കേക്കോട്ടവഴി സർവ്വീസ് നടത്തുന്നുള്ളൂ.

(ഡി) മനഃപൂർവ്വം ഗതാഗത കുരുക്ക് ഉണ്ടാക്കുന്ന ബസ്സുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly